ശ്രീമതി കെ. ആർ. ഗൗരി : ഭൂമി പതിച്ചു കൊടുക്കുന്നതിനു വഴിയില്ലാതിരുന്നപ്പോഴാണു കുത്തകപ്പാട്ടത്തിനു സ്ഥലം ഹരിജനങ്ങൾക്കു മറ്റു സമുദായങ്ങൾക്കു നൽകിയിട്ടുള്ളതു്, ഭൂമി അസൈൻ ചെയ്യുന്നതിനുള്ള റൂൾസു് കൊണ്ടുവരുമ്പോഴാണു്, അവരിൽനിന്നും ഒഴിപ്പിക്കാതിരിക്കുന്നതിനും മേലിൽ കുത്തകപ്പാട്ടം ലേലം ചെയ്യാതിരിക്കുന്നതിനുമുള്ള നടപടികളാണു് എടുക്കുന്നതു് ?

ശ്രീ. ടി. എ. തോമ്മൻ : അക്കാര്യം പരിഗണിക്കാവുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പൊന്നുംവിലയ്ക്കു് ഭൂമികൊടുക്കുമ്പോഴും, കുടിയിരുപ്പു ഭൂമിയാണെങ്കിൽ, കുടിയിരുപ്പിന്റെ 90 ശതമാനം വില ലഭിക്കുന്നതിനുള്ള വ്യവസ്ഥ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതാണു്. ഞാൻ ചോദിച്ചതു്, ഗവണ്മെന്റു് ഭൂമികളിൽ വളരെ വർഷങ്ങളായി താമസിക്കുന്ന ഹരിജനങ്ങൾക്കു് ആ ഭൂമി എടുക്കുമ്പോഴും വില കൊടുക്കാൻ നടപടിയെടുക്കുമോയെന്നാണു്. ട്രൈബ്യൂണൽ നിയമം നടപ്പിൽ വന്നാലും അതിനൊക്കെയില്ല. വളരെ വർഷങ്ങളായി താമസിക്കുന്നതുകൊണ്ടു് പട്ടയം അവർക്കില്ലെന്നുള്ള നിലയിൽ വില കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. എ. തോമ്മൻ : പുറമ്പോക്കുഭൂമി അവർക്കു് പതിച്ചു കൊടുക്കണമെന്നതാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്. ഉടൻതന്നെ നടപടികളും സ്വീകരിക്കുന്നതാണു്.

ആശുപത്രികളിലെ താഴ്ന്നതരം ജീവനക്കാർ

* 727. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിലെല്ലാംകൂടി ജോലി ചെയ്യുന്ന താഴ്ന്നതരം ജീവനക്കാരെത്രയുണ്ടെന്നു പറയാമോ ;

(ബി) ഇവരുടെ അവശതകളെ സംബന്ധിച്ചു് കേരള ഹോസ്പിറ്റൽ എംപ്ലായീസ്-യൂണിയൻ ഈയിടെ ഗവണ്മെന്റിലേക്കു് എന്തെങ്കിലും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(ഡി) ഇതിനെ സംബന്ധിച്ചു് ഗവണ്മെന്റു് എടുക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഏകദേശം 4550 പേർ.

(ബി) ഉണ്ടു്.

(സി) മുഖ്യ ആവശ്യങ്ങൾ താഴെ പറയുന്നവയാണു്.

1. കണ്ടിൻജൻസിയിൽനിന്നു് സ്ഥിരം സർവ്വീസിലേക്കു് എടുത്തവർക്കുകൂടി വാഷിംഗ് അലവൻസു് നൽകുക.

2. സ്വീപ്പർ എന്ന പേരിലറിയപ്പെടുന്നവരുടെ പേരുമാറി ക്ലീനർ എന്ന പേർ നൽകുക.

3. മൂന്നാംഗ്രേഡു് ഹോസ്പിറ്റൽ അറ്റൻഡർഷിപ്പിനും കുക്കുസിനും ഉയർന്ന ഗ്രേഡിലേക്കു് പ്രമോഷൻ അനുവദിക്കുക.

4. ക്ലീനേഴ്സിനു് പ്രമോഷൻ സൗകര്യങ്ങൾ അനുവദിക്കുക.

5. വെള്ള യൂണിഫാറം നൽകുക.

6. വർദ്ധിച്ച വിലക്കയറ്റം കാരണം താൽക്കാലികാശ്വാസമെന്ന നിലയിൽ പ്രതിമാസം 15 രൂപാവീതം നൽകുക, എന്നിവയാണു്.

(ഡി) സ്വീപ്പർ ഗ്രൂപ്പിൽപ്പെട്ട എല്ലാവരും ഇനിമേൽ ഹോസ്പിറ്റൽ അറ്റൻഡർസ്, ഗ്രേഡു് 4 എന്ന പേരിലാണു് അറിയപ്പെടുക. എല്ലാ സ്ഥലത്തെ ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കും ക്ഷാമബത്ത 8 രൂപാ കൂടുതൽ കൊടുക്കുന്നതാണെന്നു് ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. മറ്റു കാര്യങ്ങളും പരിഗണനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വാഷിംഗ് അലവൻസും യൂണിഫാമും നൽകുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : സ്കാവഞ്ചർ എന്നുള്ള പേരു മാറ്റി, ആ ജോലി മാറ്റിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പേരു മാറ്റണമെന്നു പറഞ്ഞതനുസരിച്ചു് മാറ്റി. അവരുടെ ജോലി മാറ്റിയിട്ടില്ല,

ശ്രീ. ഇ. പി. ഗോപാലൻ : യൂണി കൊടുത്താൽ സ്റ്റിച്ചിംഗ് ചാർജ് കൊടുക്കുന്നില്ലെന്നുള്ള ആക്ഷേപം കിട്ടിയിട്ടില്ലേ; അതിനു് പരിഹാരം ഉണ്ടാക്കിയോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതു മാത്രമല്ല 1957-ലോ 1958-ലോ കണ്ടിൻജൻസിയിൽ ഇരുന്നവരെ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിലേക്കു് മാറ്റുകയുണ്ടായി. കണ്ടിൻജൻസിക്കാർക്കു കിട്ടുന്ന ആനുകൂല്യങ്ങളും ഇവർക്കു് തുടർന്നു കിട്ടണമെന്നാണു ഡിമാൻഡു വച്ചിട്ടുള്ളതു്. അതു പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഈ ജോലിക്കാർ 3 കൊല്ലം തുടർച്ചയായി ഒരിടത്തു ജോലിയിലിരിക്കാൻ അനുവദിക്കാതെ സ്ഥലം മാറ്റണമെന്നു കല്പന കൊടുത്തിട്ടുണ്ടോ? അതു മാറ്റി അന്യനാട്ടിൽപോയി ജോലി ചെയ്യാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതിയുള്ളതുകൊണ്ടു് അവർക്കു അവരുടെ സ്ഥലത്തുതന്നെ ജോലി നൽകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : തുടർച്ചയായിരിക്കുന്ന വിഭാഗക്കാരെ മാറ്റണമെന്നുണ്ടു്. അതിനകത്തു ഏതെല്ലാം കൃത്യമായിട്ടു വരുമെന്നു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാലെ പറയാൻ കഴിയുകയുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ : ചെരുപ്പു് കൊടുക്കുന്നതിനു പകരം പണം കൊടുത്താൽ അവരുടെ കാലിനൊത്ത ചെരുപ്പു് വാങ്ങാൻ കഴിയുമെന്നു് നിവേദനം കിട്ടിയിട്ടില്ലേ; അതു പരിഗണിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കിട്ടിയിട്ടുണ്ടു്. അതു് അനുസരിച്ചു് മേലാൽ പണം കൊടുത്താൽ മതിയെന്നു് ആർഡർ ആയിട്ടുണ്ടു്.

റോഡുകളുടെ പണി

* 728. [3] ശ്രീ. ടി. ഒ. ബാവ : * താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1963–64–ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന റോഡുകളുടെ പണി ഏതെങ്കിലും നിറുത്തി വയ്ക്കുകയുണ്ടായോ ;

(ബി) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ സബ് ഡിവിഷനിൽപ്പെട്ട കിഴക്കമ്പലം–ചിത്രപ്പുഴ റോഡു നന്നാക്കുന്നതിനു ടെൻഡർ വിളിച്ചിരുന്നോ ;

(സി) ടെൻഡർ വിളിച്ചിരുന്നെങ്കിൽ അതിനു ശേഷം അതു നിറുത്തിവയ്ക്കാൻ ഉണ്ടായ കാരണം എന്താണു്?

* Put by Shri K. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly